**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 628** **06-12-2022 - ൽ മറുപടിയ്ക്ക്**

**ഡി.ആർ.ഡി.ഒ.യും സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളുമായുള്ള കരാറുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി എച്ച് കുഞ്ഞമ്പു,<br>ശ്രീ. മുരളി പെരുനെല്ലി,<br>ശ്രീമതി യു പ്രതിഭ ,<br>ശ്രീമതി ഒ എസ് അംബിക | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ നിലവിൽ വന്നതിനുശേഷം ഇന്ത്യൻ സൈന്യവുമായും പ്രതിരോധ ഗവേഷണ സ്ഥാപനമായ ഡി.ആർ.ഡി.ഒ.യുമായും സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾ കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ ആയ കേരള സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (കെൽട്രോൺ), സ്റ്റീൽ ആന്റ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡ് (എസ്. ഐ. എഫ്. എൽ) എന്നീ സ്ഥാപനങ്ങൾ ഇന്ത്യൻ പ്രതിരോധ വകുപ്പിനും പ്രതിരോധ ഗവേഷണ സ്ഥാപനമായ DRDO- യ്ക്കും ആവശ്യമായ സങ്കീർണ്ണവും തന്ത്രപ്രധാനവുമായ ഉപകര-ണങ്ങളും സങ്കേതങ്ങളും വികസിപ്പിക്കുന്നതിനും നിർമ്മിക്കുന്നതിനും ഉള്ള നടപടികളുടെ ഭാഗമായി കരാറിൽ ഏർപ്പെടാറുണ്ട്.<br><br>പ്രതിരോധ ഗവേഷണ സ്ഥാപനമായ DRDO-യുടെ വിവിധ ലാബുകളിൽ നിന്ന് 2022 -2023 വരെ 3 കോടി രൂപ മൂല്യം വരുന്ന ഓർഡറുകളും DRDO -യുടെ തന്നെ നിർമ്മാണ യൂണിറ്റുകളായ ഹെവി വെഹിക്കിൾ ഫാക്ടറി, ആവഡി, ചെന്നൈ & സി വി ആർ ഡി , ആവഡി, ചെന്നൈ എന്നിവയിൽ നിന്നും 9.5 കോടി രൂപ മൂല്യം വരുന്ന ഓർഡറുകൾ എസ്. ഐ. എഫ്. എൽ. ന ലഭിക്കുകയുണ്ടായി. ഹിന്ദുസ്ഥാൻ എയ്റോനോട്ടിക്സ് ലിമിറ്റഡിൽ നിന്ന് 3.5 കോടി രൂപ മൂല്യം വരുന്ന കൺവെൻഷൻ ഓർഡറുകൾ എസ്. ഐ.എഫ്. എൽ.നു ലഭിച്ചു. അന്തർ-വാഹിനിയിലേക്കുള്ള അതി-സങ്കീർണ്ണങ്ങളായ ഫോർജിംഗുകൾ നിർമ്മിച്ച് നൽകുന്നതിലേക്കായി ഭാഭ അറ്റോമിക് റിസർച്ച് സെന്ററിൽ നിന്നും 11 കോടി രൂപയുടെ ഓർഡറുകൾ ലഭിക്കുകയുണ്ടായി.<br><br>കഴിഞ്ഞ രണ്ട് വർഷത്തിനിടയിൽ കെൽട്രോൺ പ്രതിരോധ ഗവേഷണ സ്ഥാപനമായ ഡിഫൻസ് |

| | | | |
|---|---|---|---|
| | | | റിസർച്ച് ഡെവ-ലപ്മെന്റ് ഓർഗനൈസേഷന്റെ (DRDO) അധീനതയിലുള്ള നേവൽ, ഫിസിക്കൽ & ഓഷ്യാനോഗ്രാഫിക് ലബോറട്ടറിയുമായും, ഭാരത് ഡയനാമിക്സ് ലിമിറ്റഡുമായും കരാറുകളിൽ ഏർപ്പെട്ടിട്ടുണ്ട്. |
| (ബി) | സർക്കാർ സ്ഥാപനമായ കെൽട്രോൺ ഇത്തരത്തിൽ ഏർപ്പെട്ടിരുന്ന കരാർ പ്രകാരം ഇന്ത്യൻ സേനയുടെ ഉപയോഗത്തിലേക്കായി നിർമ്മിച്ച നൽകിയ സങ്കേതങ്ങൾ സംബന്ധിച്ച് വിശദാംശം നൽകുമോ; | (ബി) | പ്രതിരോധ ഗവേഷണ സ്ഥാപനമായ DRDO - യുടെ കീഴിലുള്ള സ്ഥാപനങ്ങളുമായി ഏർപ്പെട്ട കരാറുകൾ പ്രകാരം ഏകദേശം 145 കോടി രൂപയുടെ ഓർഡറുകൾ പൂർത്തീകരിച്ച് നൽകിയിട്ടുണ്ട്. കെൽട്രോണിന്റെ തിരുവനന്തപുരം കരകുളത്തുള്ള കെൽട്രോൺ എക്യുപ്-മെന്റ്സ് കോംപ്ലക്സിലെ സ്പെഷ്യൽ പ്രോഡക്ട്സ് ഗ്രൂപ്പും, അരൂർ ഉള്ള കെൽട്രോൺ കൺട്രോൾസിലെ സ്ട്രാറ്റജിക് സിസ്റ്റംസ് ഗ്രൂപ്പും , മലപ്പുറം കുറ്റിപ്പുറത്തുള്ള കെൽട്രോൺ ഇലക്ട്രോ സെറാമിക്സ് ലിമിറ്റഡും ചേർന്നാണ് ഈ ഓർഡറുകൾ നിർമ്മിച്ച് നൽകിയിട്ടുള്ളത്. ഇതിന്റെ വിശദ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | ഇത്തരത്തിൽ സങ്കീർണ്ണവും തന്ത്ര പ്രധാനവുമായ ഉപകരണങ്ങളും സങ്കേതങ്ങളും വികസിപ്പിക്കുന്നതിനും നിർമ്മിക്കുന്നതിനും ആവശ്യമായ നിലയിൽ പൊതുമേഖലാ സ്ഥാപനങ്ങളെ ഉയർത്തികൊണ്ടുവരുന്നതിന് ഈ സർക്കാർ നൽകിയിട്ടുള്ള സംഭാവനകൾ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾക്ക് രാജ്യത്ത് വിവിധ സാങ്കേതിക മേഖലകളിൽ പ്രവർത്തിച്ച വരുന്ന കേന്ദ്ര പ്രതിരോധ വകുപ്പിന് കീഴിലുള്ളതും അല്ലാതെയും ഉള്ള സ്ഥാപന-ങ്ങളുമായി ( DRDO, ISRO / VSCC, NPOL, Kochin Shipyard, Hindustan Aeronautics Ltd, Bharat Electronics Ltd,) യോജിച്ച് പ്രവർത്തിക്കുന്നതിനും അവർക്ക് ആവശ്യമായ സങ്കീർണ്ണവും തന്ത്രപ്രധാനവുമായ ഉപകരണ-ങ്ങളും സങ്കേതങ്ങളും വികസി-പ്പിക്കുന്നതിനും നിർമ്മിക്കുന്നതിനും സാധ്യമാകത്തക്ക രീതിയിൽ പ്രവർത്തനം ശക്തിപ്പെടുത്തുന്ന രീതിയിലുള്ള നടപടികളാണ് സംസ്ഥാന സർക്കാർ സ്വീകരിച്ച വരുന്നത്. ഇതിന്റെ ഭാഗമായി വളരെയധികം കൃത്യത ആവശ്യമുള്ളതും സങ്കീർണ്ണവുമായ ഉപകരണങ്ങളും സങ്കേതങ്ങളും വികസിപ്പിക്കുന്നതിനും നിർമ്മി-ക്കുന്നതിനും ആവശ്യമായ രീതിയിലുള്ള ഉൽപ്പാദന സംവിധാനങ്ങൾ ആധുനികവൽക്കരിക്കുന്നതിനും നവീകരി-ക്കുന്നതിനും വൈവിധ്യവൽക്കരിക്കുന്നതിനുമുള്ള സാമ്പത്തിക സഹായം നൽകുന്നത് ഉൾപ്പെടെയുള്ള നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. പ്രധാനമായും സാങ്കേതിക രംഗത്ത് ഉൾപ്പെടെ സമസ്ത മേഖലകളിലും ഉണ്ടായിക്കൊണ്ടിരിക്കുന്ന മാറ്റങ്ങളെ ഉൾക്കൊണ്ട് തയ്യാറാക്കിയിട്ടുള്ള മാസ്റ്റർ പ്ലാൻ പദ്ധതികളുടെ വിശദമായ പദ്ധതി റിപ്പോർട്ടുകൾ |

| | | | |
|---|---|---|---|
| | | | തയാറാക്കുന്നതിനും അത് സമയ-ബന്ധിതമായി പൂർത്തീകരിക്കുന്നതിന് ആവശ്യമായ സഹായം ഉറപ്പ വരുത്തുന്നതിനുമായി വ്യവസായ പദ്ധതികൾ സമയബന്ധിതമായി നടപ്പിലാ-ക്കുന്നതിൽ പ്രത്യേക പ്രാവീണ്യമുള്ള വിദഗ്ദ്ധരെ ഉൾപ്പെടുത്തി ഒരു പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് സജ്ജമാക്കിയിട്ടുണ്ട്. ടെക്നിക്കൽ, പ്രോജക്ട് എക്സിക്യൂഷൻ, കോർപ്പറേറ്റ് ഫിനാൻസ് എന്നീ മേഖലകളിലാണ് പ്രസ്തുത വിദഗ്ധരുടെ സേവനം ലഭ്യമാക്കിയിരിക്കുന്നത്. മാസ്റ്റർ പ്ലാൻ പദ്ധതികളുടെ നടത്തിപ്പിന്റെ ഭാഗമായുള്ള പ്രവർത്തനങ്ങൾക്കാവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനും ടെക്നിക്കൽ കോർഡിനേഷൻ ചുമതല നിർവഹിക്കുന്നതിനുമായി അഡ്വൈസർ (മാസ്റ്റർ പ്ലാൻ) ആയി ഒരു വിദഗ്ധനെയും നിയോഗിച്ചിട്ടുണ്ട്.<br><br>മാസ്റ്റർ പ്ലാൻ നടപ്പിലാക്കുന്ന-തോടുകൂടി സങ്കീർണ്ണവും തന്ത്രപ്രധാനവുമായ ഉപകരണ-ങ്ങളും സങ്കേതങ്ങളും വികസിപ്പിക്കുന്നതിനും നിർമ്മി-ക്കുന്നതിനും ആവശ്യമായ നിലയിൽ പൊതുമേഖലാ സ്ഥാപനങ്ങളെ ഉയർത്തികൊണ്ടു വരുവാൻ കഴിയുമെന്ന് സർക്കാർ പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| Sl. No. | Customer | Order Value (in Lakhs) | Work Undertaken |
|---|---|---|---|
| 1 | NPOL | 655 | Towed Receiver Array Type 6 |
| 2 | NPOL | 461 | Maareech Towed Array Reference system |
| 3 | NPOL | 325 | Twin Array |
| 4 | NPOL | 288 | OAS (Obstacle Avoidance Sonar System) Transmitter PCBs |
| 5 | Indian Navy | 5600 | Manufacturing & Supply of 300Nos Ground Mines (PBGM-MK1) |
| 6 | NPOL | 400 | Design, Development, Manufacturing & Supply of Directional **Sonobuoy** (60 Nos.) |
| 7 | Indian Navy | 2900 | Design, Development, Manufacturing & Supply of 09 nos. Advanced Distress Sonar System (ADSS) |
| 8 | BEL, Gaziabad | 200 | Design, Development, Manufacturing & Supply of Submarine EchoSounder Mark-II |
| 9 | CSL, Kochi | 2400 | Supply of EMlog, Echosounder & UWT |
| 10 | NPOL, Kochi | 263 | Integration, Installation and Testing Conformal Array & Flank Array onboard Submarine |
| 11 | BEL | 1000 | Manufacture & Supply of Transducers |
| | **TOTAL** | | **14492 Lakhs** |

സെക്ഷൻ ഓഫീസർ